LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം

257 (7820) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻപറ്റിയ എത്ര ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളാണ് നാളിതുവരെയായും പൂർണ്ണമായും വിതരണം ചെയ്യാതിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഏത് തീയതിവരെ റിട്ടയർ ചെയ്തവർക്കാണ് പൂർണ്ണമായും പെൻഷൻ നൽകിയിട്ടുള്ളത് ;

(സി) ഇവർക്കുള്ള പെൻഷൻ എപ്പോൾ വിതരണംചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 30-6-2014 വരെ കെ.എസ്.ആർ.ടി.സി.-യിൽനിന്നും പെൻഷൻ പറ്റിയ 236 ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കാനുണ്ട്. ടി ജീവനക്കാർ ഒഴികെയുള്ള എല്ലാ ജീവനക്കാർക്കും പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) 30-4-2014 വരെ റിട്ടയർ ചെയ്തവർക്ക് പൂർണ്ണമായും പെൻഷൻ നൽകിയിട്ടുണ്ട്.

(സി) കോർപ്പറേഷനിലെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നത്. പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചതിനുശേഷം ഇതര പെൻഷൻകാരോടൊപ്പം പെൻഷൻ തുക നൽകാവുന്നതാണ്.

കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർ

258 (7821) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ആർ.ടി.സി.-യിൽ ആകെ എത്ര സ്ഥിരം/താല്കാലികം/ദിവസ വേതനം ജീവനക്കാരുണ്ടെന്ന് തസ്തികതിരിച്ച് വിശദമാക്കുമോ ?

ഉത്തരം

1-5-2014 പ്രകാരമുള്ള ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.